**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4730** **20-07-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി റെയിൽവേ മേൽപ്പാലം, ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2016 എം.എൽ.എ-എ.ഡി.എസ്സിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അന്ന് കോളേജിന് ഭൂമി ഇല്ലാതിരുന്നതിനാൽ ഫണ്ട് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനുള്ള റീവാലിഡേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ, ഇടക്കുളങ്ങര, ചിറ്റുമൂല റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ? | (ബി) | കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മാളിയേക്കൽ റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിച്ചിട്ടുള്ളതാണ്. പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, മാളിയേക്കൽ ഉൾപ്പടെ 10 ആർ.ഒ.ബി.കൾക്കായി ആർ.ബി.ഡി.സി.കെ. Design Build Transfer വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s.SPL Infrastructure Pvt. Ltd എന്ന കോൺട്രാക്ടറുമായി കരാർ ഉറപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആയ സർവ്വേ, ഡിസൈനിന് ആവശ്യമായ മണ്ണ് പരിശോധന, ടെസ്റ്റ് പൈൽ എന്നിവ പൂർത്തിയാക്കി. തുടർന്ന് കരാറുകാരൻ മേൽപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ രൂപകൽപന ചെയ്യുകയും, ആയതിന് ഐ.ഐ.ടി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ പ്രവർത്തികൾ പൂർത്തിയാക്കി. നിലവിൽ മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ സൂപ്പർ സ്ട്രക്ച്ചർ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ആകെയുള്ള 48 ഗർഡറുകളിൽ 28 ഗർഡറുകൾ ഇതുവരെ സ്ഥാപിച്ചു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ബാക്കിയുള്ള ഗർഡറുകളുടെ നിർമ്മാണം ഫാബ്രിക്കേഷൻ യാർഡിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ സർവ്വീസ് റോഡിന്റെയും ഓടകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റെയിൽവേ ഭാഗത്തിന്റെ നിർമ്മാണത്തിനായി റെയിൽവേ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാ ണ്.<br><br>ചിറ്റുമല റെയിൽവേ മേൽപ്പാലത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ 24.12.2018 ൽ കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിച്ചുകൊണ്ട് ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ അവസാന ഘട്ടനടപടികൾ പുരോഗമിക്കുന്നതുമാണ്. 19(1) വിജ്ഞാപനം 20.06.2022 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവാർഡ് എൻക്വയറി നടപടികൾ 02.08.2022 മുതൽ 06.08.2022 വരെ നടത്തുവാനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ ഓഫീസർ സ്വീകരിച്ചിട്ടുണ്ട്. 2 മാസത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതാണ്. ആർ.ഒ.ബി.യുടെ റെയിൽവേ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) അംഗീകാരത്തിനായി റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും, റെയിൽവേ ചില തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകിയിരുന്നു. ആവശ്യമായ തിരുത്തലുകൾ നടത്തിയ ശേഷം 08.07.2022 ന് റെയിൽവേയ്ക്ക് അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽ നിന്നും ജി.എ.ഡി.യ്ക്ക് അന്തിമ അംഗീകാരം ലഭിക്കുന്നതിനായി തുടർ നടപടി സ്വീകരിച്ചുപോരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുകയും ജി.എ.ഡി. ക്കുള്ള അംഗീകാരം റെയിൽവേയിൽ നിന്നും ലഭിക്കുകയും ചെയ്താൽ ഉടനെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.<br><br>ഇടക്കുളങ്ങര റെയിൽവേ ഗേറ്റ് കെ.ആർ.ഡി.സി.എൽ നെ ഏൽപ്പിച്ചിട്ടുള്ള മേൽപ്പാല നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പബ്ലിക് ഹിയറിംഗ് പൂർത്തീകരി ച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതനുസരിച്ച് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ